പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2170

07/03 2017 ൽ മറുപടി നല്കേണ്ടത്.

**പത്തനംതിട്ടയിലെ ആശുപത്രികളുടെ അടിസ്ഥാന സൗകര്യ വികസനം**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീമതി. വീണാ ജോർജ്ജ്** | | ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| എ) | പത്തനംതിട്ടയിലും, കോഴഞ്ചേരിയിലും പ്രവർത്തിക്കുന്ന ജനറൽ ആശുപത്രികളിൽ ഡയാലിസിസ് കേന്ദ്രങ്ങളിലെ നിലവിലുള്ള സൗകര്യങ്ങൾ പരിമിതമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | പത്തനംതിട്ട ജനറൽ ആശുപത്രിയിൽ നിലവിൽ 6 ഡയാലിസിസ് മെഷീനുകളുണ്ട്. ടി മെഷീനുകൾ എല്ലാം പ്രവർത്തനക്ഷമമാണ്. നിലവിൽ ഒരു ഷിഫ്റ്റ് പ്രവർത്തിക്കുന്നുണ്ട്. കോഴഞ്ചേരി ജില്ലാ ആശുപത്രിയിലെ ഡയലിസിസ് യൂണിറ്റിൽ നിലവിലുള്ള സൗകര്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്തേണ്ടതുണ്ട്. |
| ബി) | ജില്ലയിൽ വൃക്കരോഗികളുടെ എണ്ണം വർദ്ധിച്ചു വരുന്നത് സംബന്ധിച്ച് പഠനം നടത്തുമോ; | ബി) | കെ.ഐ. ഐ. എഫ്. ബി വഴി പഠനം നടത്തിവരുന്നു. |
| സി) | ഡയാലിസിസ് കേന്ദ്രങ്ങളിലെ ഉപകരണങ്ങളുടെ എണ്ണം വർദ്ധിപ്പിച്ച് സൗകര്യങ്ങൾ കൂട്ടുവാൻ നടപടി സ്വീകരിക്കുമോ; | സി) | പത്തനംതിട്ട ജനറൽ ആശുപത്രിയിൽ പുതിയ മെഷീനുകൾ സ്ഥാപിക്കാനുള്ള സ്ഥലസൗകര്യം നിലവിലുള്ള യൂണിറ്റിൽ ഇല്ല. കോഴഞ്ചേരി ജില്ലാ ആശുപത്രിയിലെ ഡയലിസിസ് യൂണിറ്റിലെ ഉപകരണങ്ങളുടെ എണ്ണം വർദ്ധിപ്പിക്കാൻ കെ.ഐ. ഐ. എഫ്. ബി പദ്ധതി മുഖേന നടപടി സ്വീകരിച്ചുവരുന്നു. കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിനെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി സർക്കാർ നിയോഗിച്ചിട്ടാണ് കെ.എച്ച്. ആർ ഡബ്ല്യൂ. എസ് വഴി അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നത്. കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് വഴി ഉപകരണങ്ങൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു |
| ഡി) | ശബരിമല തീർത്ഥാടകരുടെ പ്രധാന ആശ്രയ കേന്ദ്രമായ പത്തനംതിട്ട ജനറൽ ആശുപത്രിയിലെ അടിസ്ഥാന സൗകര്യവും ഡോക്ടർമാരുടെ സേവനവും വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ? | ഡി) | പത്തനംതിട്ട ജനറൽ ആശുപത്രിയിൽ അനുവദനീയമായ തസ്തികകളിലെല്ലാം ഡോക്ടർമാരെ നിയമിച്ചിട്ടുണ്ട്. |

(signature)

സെക്ഷൻ ഓഫീസർ